**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഇന്റർനെറ്റ് സേവനത്തിനുള്ള പോൾ വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ഫൈബർ കേബിളുകൾ മുറിച്ചുമാറ്റുന്ന കെ.എസ്.ഇ.ബി. യുടെ നടപടി നിർത്തിവയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | കേബിൾ ഓപ്പറേറ്റർമാരുടെ ഫൈബറുകൾ നിയമ വിരുദ്ധമായി കെ.എസ്.ബി.എ.ൽ മുറിച്ചു മാറ്റുന്നില്ല. എന്നാൽ 28.09.2022 ലെ ബോർഡിന്റെ ഉത്തരവ് പ്രകാരം പോളുകളിലൂടെ അനധികൃതമായി വലിച്ചിരിക്കുന്ന കേബിളുകൾ നീക്കം ചെയ്യുന്നതിനായി നിയമപരമായ നടപടികൾ എടുത്തുവരുന്നുണ്ട്. അനധികൃതമായി വലിച്ചിരിക്കുന്ന ഇത്തരം കേബിളുകൾ പൊതുജനങ്ങളുടെ ജീവനുകൂടി ഭീഷണി-യായതിനാൽ ഇത് നീക്കം ചെയ്യുന്ന പ്രവൃത്തി നിർത്തിവയ്ക്കുന്നത് ഉചിതമാകില്ല. |
| (ബി) | ഇന്റർനെറ്റ് സേവനം സാർവത്രികമാക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളിലേതുപോലെ പോൾ വാടക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഇൻറർനെറ്റ് സേവനം സാർവത്രിക-മാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്ന രീതിയിലാണ് കെഎസ്ഇബിഎൽ - ൽ പ്രവർത്തനങ്ങൾ നടത്തുന്നത്. സർക്കാർ നയം അനുസരിച്ച് അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ അപേക്ഷ അംഗീകരിക്കുന്ന-തിനായുള്ള നടപടികൾ നിലവിൽ തന്നെയുണ്ടെങ്കിലും ഇത് കൂടുതൽ സുതാര്യമാക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സോഫ്റ്റ്‌വെയറിന്റെ ആദ്യ മോഡ്യൂൾ പൈലറ്റ് അടിസ്ഥാനത്തിൽ കേരളത്തിലെ അഞ്ച് ഡിവിഷനുകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>പോൾ വാടക, 2011 ൽ അടിസ്ഥാന നിരക്കായ 311/-രൂപയിൽ എത്തിച്ചേർന്നത് പല കമ്മിറ്റികളുടെയും പഠന റിപ്പോർട്ട് , കേബിൾ ടി വി കണക്ഷൻ എടുക്കാൻ ഉപഭോക്താക്കൾ നൽകുന്ന വാടക, പോസ്റ്റുകളുടെ വില, പോസ്റ്റുകളുടെ അറ്റകുറ്റ പണികൾക്ക് ചെലവാകുന്ന തുക എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഇതിനുപരി സർക്കാർ നിർദേശം അനുസരിച്ച് |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്ററുമായി നടത്തിയ ചർച്ചയിലൂടെയാണ് 2G/3G/4G മൊബൈൽ കമ്മ്യൂണിക്കേഷൻ സേവനങ്ങളുടെ നിരക്ക് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വിവിധ കോണുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിച്ച് വിവിധ ഉപയോഗങ്ങൾക്കായുള്ള പോൾ വാടക ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിക്കുവാൻ KSEBL ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KSEBL നിന്നുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഉചിത തീരുമാനം എടുക്കുന്നതാണ്. |
| (സി) | ഇന്റർനെറ്റ് സേവനത്തിന് അധിക പോൾ വാടക എന്ന തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഇൻറർനെറ്റ് സേവനം സാർവത്രിക-മാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്ന രീതിയിലാണ് കെഎസ്ഇബിഎൽ - ൽ പ്രവർത്തനങ്ങൾ നടത്തുന്നത്. സർക്കാർ നയം അനുസരിച്ച് അപേക്ഷ ലഭിച്ചാൽ 30 ദിവസത്തിനുള്ളിൽ അപേക്ഷ അംഗീകരിക്കുന്ന-തിനായുള്ള നടപടികൾ നിലവിൽ തന്നെയുണ്ടെങ്കിലും ഇത് കൂടുതൽ സുതാര്യമാക്കുന്നതിനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. സോഫ്റ്റ്‌വെയറിന്റെ ആദ്യ മോഡ്യൂൾ പൈലറ്റ് അടിസ്ഥാനത്തിൽ കേരളത്തിലെ അഞ്ച് ഡിവിഷനുകളിൽ നടപ്പാക്കിയിട്ടുണ്ട്.<br><br>പോൾ വാടക, 2011 ൽ അടിസ്ഥാന നിരക്കായ 311/-രൂപയിൽ എത്തിച്ചേർന്നത് പല കമ്മിറ്റികളുടെയും പഠന റിപ്പോർട്ട് , കേബിൾ ടി വി കണക്ഷൻ എടുക്കാൻ ഉപഭോക്താക്കൾ നൽകുന്ന വാടക, പോസ്റ്റുകളുടെ വില, പോസ്റ്റുകളുടെ അറ്റകുറ്റ പണികൾക്ക് ചെലവാകുന്ന തുക എന്നിവയെ അടിസ്ഥാനമാക്കിയാണ്. ഇതിലുപരി സർക്കാർ നിർദേശം അനുസരിച്ച് ഓപ്പറേറ്ററുമായി നടത്തിയ ചർച്ചയിലൂടെയാണ് 2G/3G/4G മൊബൈൽ കമ്മ്യൂണിക്കേഷൻ സേവനങ്ങളുടെ നിരക്ക് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ വിവിധ കോണുകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിച്ച് വിവിധ ഉപയോഗങ്ങൾക്കായുള്ള പോൾ വാടക ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിക്കുവാൻ KSEBL ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ KSEBL നിന്നുള്ള |

| | | | |
|---|---|---|---|
| | | | ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഉചിത തീരുമാനം എടുക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ കേബിൾ ടി.വി.-ഇന്റർനെറ്റ് സേവന ദാതാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിഹാരം കാണുന്നതിന്റെ ഭാഗമായി ഈ രംഗത്തെ വിവിധ സംഘടന പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്ന സർക്കാർ തല കമ്മിറ്റിക്ക് രൂപം നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ